STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.245/PR/SPMC/PHQ/2022 Date:21.11.2022

## പാസ്പോർട്ട് അപേക്ഷകളിലെ പരിശോധനാമികവിന്

## കേരള പോലീസിന് അംഗീകാരം

പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യമന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് അർഹമായി. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പോലീസ് ആസ്ഥാനത്തെ എസ്.പി ഡോ.നവനീത് ശർമ്മ വിദേശകാര്യമന്ത്രി ഡോ.സുബ്രഹ്മണ്യം ജയശങ്കറിൽ നിന്ന് അവാർഡ് സ്വീകരിച്ചു.

പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേരളത്തിനു പുറമെ തെലങ്കാന, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും പാസ്പോർട്ട് സേവാ ദിനാചരണത്തോടനുബന്ധിച്ച് നൽകുന്ന ഈ പുരസ്കാരം കഴിഞ്ഞ വർഷങ്ങളിലും കേരള പോലീസിന് ലഭിച്ചിരുന്നു.

പോലീസിലെ സാങ്കേതികവിദഗ്ദ്ധർ നിർമ്മിച്ച ഇ-വി ഐ പി എന്ന സംവിധാനമാണ് പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരളാ പോലീസിന് സഹായകമായത്. 2017 ൽ തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിൽ നടപ്പിലാക്കിയ ഈ സംവിധാനം രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ പാസ്പോർട്ട് വിതരണം ചെയ്യുന്ന ജില്ലയായ മലപ്പുറത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയത് വൻ വിജയമായി. തുടർന്ന് 20 പോലീസ് ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിച്ചു. പോലീസ് ക്ലിയറൻസ് ലഭിക്കുന്നതിനുള്ള കാലയളവ് 48 മണിക്കൂർ മുതൽ 120 മണിക്കൂർ വരെയാക്കി ചുരുക്കാൻ ഇതുവഴി കഴിഞ്ഞു.

അപേക്ഷകരുടെ സംതൃപ്തിയുടെയും നടപടിക്രമത്തിന്റെ വേഗത്തിന്റെയും അടിസ്ഥാനത്തിലാണ് മികച്ച സംസ്ഥാനങ്ങളെ തിരഞ്ഞെടുത്തത്.

**ഫോട്ടോ ക്യാപ്ഷൻ**

പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേരള പോലീസിന് ലഭിച്ച അംഗീകാരം പോലീസ് ആസ്ഥാനത്തെ എസ്.പി ഡോ.നവനീത് ശർമ്മ വിദേശകാര്യമന്ത്രി ഡോ.സുബ്രഹ്മണ്യം ജയശങ്കറിൽ നിന്ന് സ്വീകരിക്കുന്നു.

*******************************